# വരക്കാൻ പഠിക്കാം

**20**




**പോൾ കല്ലാനോട്**

*പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.*


കലയിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിഞ്ഞ ശേഷമല്ല നമ്മൾ ചിത്രരചനയിലേക്ക് കടക്കുന്നത്. ഇപ്പോൾ തന്നെ നമ്മൾ ചിത്രരചനയിലേക്ക് കടക്കുകയും അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ചിലർ ഒരുവിധം തൃപ്തിയായി ഒരു ചിത്രം വരച്ചു. പക്ഷേ, പെയിന്റു ചെയ്തു കഴിഞ്ഞപ്പോൾ സംഗതി പ്രശ്നത്തിലായിക്കാണും. പെയിന്റിംഗ് തുടക്കത്തിൽ ക്രയോൺ, പെയ്സ്റ്റൽ എന്നിവ ഉപയോഗിച്ചാണെങ്കിൽ അത്ര കുഴപ്പമുണ്ടാവില്ല.

വാട്ടർ കളർ അഥവാ ജലച്ചായത്തിലേക്ക് കടക്കുമ്പോഴാണ് കുഴപ്പം വരാറ്. അത് വെള്ളം



• *പ്രശസ്ത ചിത്രകാരനായ നമ്പൂതിരിയുടെ രേഖാ ചിത്രങ്ങളിലൊന്ന്*



• *പ്രശസ്ത ഇന്ത്യൻ ചിത്രകാരനായ മുത്തുക്കോയയെ കണ്ടുമുട്ടിയപ്പോൾ ഞാൻ നേരിട്ടു നോക്കി വരച്ച രേഖാ ചിത്രം*

▸▸ **കരയിലെ ഏറ്റവും വലിയ ജീവി – ആഫ്രിക്കൻ ആന**

ചേർത്ത് ചെയ്യുന്ന ജോലിയായതിനാൽ നിറങ്ങൾ തമ്മിൽ കൂടിക്കലരും. കുളമായി എന്നു തോന്നും.

ഒരിടത്തു ചെയ്ത നിറം ഉണങ്ങുന്നതിനു മുമ്പ് അതിനടുത്തുള്ളൊരു ഭാഗം ചെയ്യുമ്പോൾ സംഭവിക്കുന്ന കുഴപ്പമാണത്.

ഉദാഹരണത്തിന് ഒരു പ്രകൃതി ദൃശ്യത്തിന്റെ മുകൾ ഭാഗത്ത് ആകാശം വരച്ചു എന്നിരിക്കട്ടെ. തൊട്ടുതാഴെ വരച്ച മലകൾ അപ്പോൾ തന്നെ കളർ ചെയ്യുമ്പോൾ ആകാശത്തിന്റെ നിറവുമായി കൂടിക്കലരും. അതല്ല, ആകാശത്തേക്കുയർന്നു നിൽക്കുന്ന ഒരു മരത്തിന്റെ മുകൾഭാഗമാണെങ്കിലും ഇതുതന്നെ സംഭവിക്കും.

അതുകൊണ്ട് അതിൽ തൊടാത്ത ഭാഗങ്ങൾ ഉദാഹരണത്തിന് പുഴ, വീട്, തോണി എന്നതൊക്കെയുണ്ടെങ്കിൽ അതു ചെയ്തുകൊണ്ട് ആകാശം കുറച്ചുനേരം ഉണങ്ങാനായി അനുവദിക്കാം. തീർച്ചയായും വാട്ടർ കളർ പരിശീലനത്തിന് കുറച്ചു ക്ഷമ വേണം; സമയവും.

ഇനി മറ്റൊരു കാര്യം. ചിലർക്ക് വരക്കുന്നതിൽ മാത്രമാണ് കമ്പം എന്നു വരാം. എനിക്കു പെയിന്റു ചെയ്യാൻ താൽപ്പര്യമില്ല. ഡ്രോയിംഗ് മതി എന്നു തോന്നുന്നവർ ക്ഷമയില്ലാത്തവർ മാത്രമായിരിക്കണമെന്നില്ല. അത് ഇഷ്ടമില്ലാത്തതുകൊണ്ട് കൂടിയാവാം.

ഡ്രോയിംഗിനും സ്വന്തമായ ഒരു സ്ഥാനമുണ്ട്. മുമ്പ് പറഞ്ഞതുപോലുള്ള പെൻസിലുകൾ കൊണ്ടോ കറുത്ത മഷിയുള്ള പേനകൾ കൊണ്ടോ ബ്രഷും ഇന്ത്യൻ ഇങ്കും കൊണ്ടോ നല്ല ഡ്രോയിംഗുകൾ ഉണ്ടാക്കാം. സ്വതന്ത്രമായ സൃഷ്ടികൾ ഉണ്ടാക്കാം.

വെറും രേഖാചിത്രം ഭംഗിയായി ചെയ്യുന്നവരുണ്ട്. നിരന്തരമായ പരിശീലനം കൊണ്ട് രേഖാചിത്ര രചനയിൽ നിങ്ങൾക്കും സമർത്ഥമാകാം. കട്ടികുറഞ്ഞതും കൂടിയതുമായ രേഖകൾ കൊണ്ട് ബ്ലാക്ക് ആന്റ് വൈറ്റ് രചനകളുണ്ടാക്കാം.

(ഇനി അടുത്ത പാഠം)





• *നേർത്തതും തടിച്ചതുമായ രേഖകൾ കൊണ്ടൊരു ചിത്രം*

▸▸ കരയിലെ ഏറ്റവും വലിയ ജീവി – ആഫ്രിക്കൻ ആന